# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1321 — 04.12.14 ൽ - മറുപടിക്ക്

## റേഷൻകാർഡ് പുതുക്കലും റേഷൻ വിതരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ കാർഡ് പുതുക്കുന്നത് സംബന്ധിച്ച് നിഷ്കർഷിച്ചിരിക്കുന്ന നടപടി-ക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ; | (എ) 2009 ൽ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനായി 14.01.11 ലെ സ.ഉ.(കൈ)നം.16/11/ ത.സ്വ.ഭ.വ, 27.04.12 ലെ സ.ഉ(കൈ)നം. 112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഫോറം നിലവിലെ കാർഡുടമകൾക്ക് റേഷൻ കടകൾ വഴി സൗജന്യമായി വിതരണം നടത്തി വിവര ശേഖരണം നടത്തി സ.ഉ(കൈ)നം.16/11/ ത.സ്വ.ഭ.വ. പ്രകാരം റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പഞ്ചായത്തുകൾ അംഗീകരിച്ച് നൽകുന്ന അന്തിമ മുൻഗണനാ പട്ടിക പ്രകാരം മുൻഗണനാ കാർഡുകൾ നൽകുന്ന നടപടിയാണ് ആവിഷ്കരിച്ചിട്ടുളളത്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്ത-വർക്ക് പൊതുവിഭാഗത്തിനുളള കാർഡുകളും പുതുക്കി നൽകും. |
| (ബി) പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഇല്ലാത്ത രീതിയിൽ റേഷൻകടകൾ വഴി അപേക്ഷ ഫാറം വിതരണം ചെയ്ത് റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) അപേക്ഷ ഫാറം റേഷൻ കടകൾ വഴി സൗജന്യമായാണ് വിതരണം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (സി) | ഒരു മാസത്തിൽ ഒരു റേഷൻകാർഡ് ഗുണഭോക്താവിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന റേഷൻ അളവ് വ്യക്തമാക്കാമോ ; | (സി) | എ.എ.വൈ.കാർഡുകൾക്ക് 35 കിലോ അരി<br>ബി.പി.എൽ കാർഡുകൾക്ക് 25 കിലോ അരി, 5 കിലോ ഗോതമ്പ്<br>എ.പി.എൽ കാർഡുകൾക്ക് 9 കിലോ അരി, 2 കിലോ ഗോതമ്പ്<br>ബി.പി.എൽ, എ.എ.വൈ. കാർഡുകളിലെ ഓരോ അംഗത്തിനും 400 ഗ്രാം നിരക്കിൽ പഞ്ചസാര<br>വൈദ്യുതീകരിച്ച കാർഡുകൾക്ക് ലഭ്യതയനുസരിച്ച് ½ ലിറ്റർ അല്ലെങ്കിൽ ഒരു ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത കാർഡുകൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ഒരു മാസം ലഭിയ്ക്കും |
| (ഡി) | റേഷൻ കടകളിൽ നിന്നും പലപ്പോഴും നിശ്ചിത അളവിൽ ഭക്ഷ്യധാന്യം കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കടകൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | പ്രതിമാസ വിതരണ വിവരം പത്രമാധ്യമങ്ങളിൽ കൂടിയും റേഷൻകടയിൽ പ്രദർശിപ്പിക്കുന്ന നോട്ടീസ് വഴിയും റേഷൻകാർഡ് ഉടമകൾക്ക് ലഭ്യമാക്കാറുണ്ട്. വിതരണ വിഹിതം കുറവായാണ് ലഭിക്കുന്നതെങ്കിൽ, ടി വിവരം അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. പരാതികൾ ലഭിച്ചാൽ പരിശോധനയ്ക്ക് ശേഷം കടകൾക്കെതിരെ 1966 ലെ കേരള റേഷനിംഗ് ഓർഡർ അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ